FLOOD RELIEF MEASURES

*539. [68] **Sri. A. K. George :** Will the Hon'ble Minister for Revenue be pleased to state.—

(*a*) did the Government take any flood relief measures during the last floods in Cochin area ?

(*b*) if so, what were the measures; and

(*c*) what was the total amount spent on that ?

Minister for Finance and Revenue **(Sri. A. J. John):**

(*a*) Yes.

(*b*) Free ferry service, supply of free ration to deserving poor and sheltering of the refugees from the flood stricken areas.

(*c*) Final accounts have not been drawn up. An amount of Rs. 1,981—6—6 has been spent.

തൊഴിലില്ലായ്മ

*൪൪൦. (ന്യൂ) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഗവണ്മെണ്ടിനു് എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും എന്നേക്കു അവ നടപ്പിൽ വരുത്തുമെന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ:)

(എ) പല പദ്ധതികളും ഉണ്ടു്.

(ബി) പുതിയ വ്യവസായങ്ങളുടെ സ്ഥാപനം ഇപ്പോഴത്തെ വ്യവസായങ്ങളുടെ വിപുലീകരണം മുതലായവയാണു്. അതു് ക്രമേണ നടപ്പിൽ വന്നുകൊണ്ടിരിക്കുന്നു.

നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം

*൪൪൧. (൭൧) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

കൊച്ചി ഡിസ്ട്രിക്ടിൽ ഏതെങ്കിലും ഭാഗത്തു് നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല.

അധ്യാപക വിദ്യാർത്ഥികൾ

*൪൪൨. (൭൨) ശ്രീ. എ. പി. ശിവരാമകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഹരിജനോദ്ധാരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചിറ്റൂർ കോളേജിൽ എത്ര അധ്യാപക വിദ്യാർത്ഥികൾ ഉണ്ടു്; ഓരോരുത്തർക്കും മാസന്തോറും എത്ര രൂപാ വീതം സ്റ്റൈപ്പൻഡ് കൊടുക്കുന്നുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly